# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 215/2024 തിരുവനന്തപുരം, തീയതി: 25/09/2024

## പത്രക്കുറിപ്പ്

### സമ്മതപത്രം – വയനാട് ഉരുൾപൊട്ടൽ ദുരന്തം

വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (CMDRF) സംഭാവന നൽകാൻ ഉദ്ദേശിക്കുന്ന കേരള സർവകലാശാല പെൻഷൻകാർ സമർപ്പിക്കേണ്ട സമ്മതപത്രം കേരളസർവകലാശാല ഫിനാൻസ് വെബ്സൈറ്റിൽ (www.kufinance.info) ലഭ്യമാണ്. പൂരിപ്പിച്ച സമ്മതപത്രം കേരളസർവകലാശാല പെൻഷൻ വിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ്. (2019 സ്കീം – റെഗുലർ, സപ്ലിമെന്ററി) (2015 സ്കീം – മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ഒക്ടോബർ 05 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ ബി.എസ്സി./ബി.കോം. (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020 - 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013-2016 & 2018 അഡ്മിഷൻ) നവംബർ 2024 പരീക്ഷകൾക്ക് പിഴകൂടാതെ 2024 സെപ്റ്റംബർ 30 വരെയും 150/- രൂപ പിഴയോടെ ഒക്ടോബർ 03 വരെയും 400/- രൂപ പിഴയോടെ ഒക്ടോബർ 05 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടിയിരിക്കുന്നു

2024-25 അക്കാദമിക് വർഷത്തിലെ ബി.എ./ബി.കോം./ബി.എ. അഫ്സൽ-ഉൽ-ഉലാമ/ ബി.ബി.എ./ബി.കോം. അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ/ബി.കോം. അഡീഷണൽ ഇലക്ടീവ് ട്രാവൽ ആന്റ് ടൂറിസം എന്നീ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ഒക്ടോബർ 15 വരെ നീട്ടിയിരിക്കുന്നു. ബി.എ./ബി.കോം./ബി.എ. അഫ്സൽ-ഉൽ-ഉലാമ/ബി.കോം. അഡീഷണൽ ഇലക്ടീവ് കോഴ്സുകൾക്ക് നിശ്ചിത ഫീസിനൊപ്പം 2625/- രൂപ പിഴയോടുകൂടിയും ബി.ബി.എ. കോഴ്സിന് നിശ്ചിത ഫീസിനൊപ്പം 3150/- രൂപ പിഴയോടുകൂടിയും അപേക്ഷിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധരേഖകളും അവസാന തീയതിക്കുള്ളിൽ കേരളസർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

# യോഗപരിശീലന പരിപാടി

കേരളസർവകലാശാല കായിക പഠന വകുപ്പ് സർവകലാശാല സ്റ്റേഡിയത്തിൽ പൊതുജനങ്ങൾക്കായി മാസംതോറും സംഘടിപ്പിച്ചു വരുന്ന യോഗ പരിശീലന പരിപാടിയുടെ ഒക്ടോബർ മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷാഫോം ജി.വി. രാജ പവലിയനിൽ പ്രവർത്തിക്കുന്ന കായിക പഠന വകുപ്പ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പുതുതായി അംഗത്വമെടുക്കുന്നവരും അംഗത്വം പുതുക്കുന്നവരും 2024 ഒക്ടോബർ 10 ന് മുൻപ് ഓഫീസിൽ പണമടച്ച് രജിസ്ട്രേഷൻ ഉറപ്പാക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് 9846594508, 0471-2306485 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries [helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)/
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**